# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2026
# 11/03/2020 ലെ മറുപടിക്ക്

**സ്കൂളുകൾക്കായി എം.എൽ.എ ഫണ്ടിൽ നിന്നും കിഫ്ബിക്ക് തുക കൈമാറുന്നത്**

| | ചോദ്യം<br>ശ്രീ. ഐ.ബി.സതീഷ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്ന പ്രവൃത്തികൾക്ക് എം.എൽ.എ ഫണ്ട്, ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ നീക്കിവയ്ക്കുന്ന ഫണ്ട് എന്നിവ കിഫ്ബി ഫണ്ടിലേയ്ക്ക് എങ്ങനെ കൊടുക്കാനാകുമെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിയിൽ ഓരോ സ്കൂളിനും കിഫ്ബി ധനസഹായമായി പരമാവധി 5 കോടി രൂപ ലഭ്യമാണ്. ബാക്കി വേണ്ടിവരുന്ന തുക നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, പി.ടി.എ ഫണ്ട്, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ എന്നിവ മുഖേന കണ്ടെത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ നേരിട്ട് കിഫ്ബിക്ക് നൽകുകയാണ് ചെയ്യുന്നത്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതം ആവശ്യപ്പെട്ട് കിഫ്ബി ധനകാര്യ വകുപ്പിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും മലയിൻകീഴ് സ്കൂൾ നവീകരണത്തിനായി അനുമതി ലഭ്യമായ ഒരു കോടി രൂപ സ്കൂൾ നിർമ്മാണത്തിനായുള്ള കിഫ്ബിയുടെ ഫണ്ടിലേയ്ക്ക് എത്തിയിട്ടുണ്ടോ; ആയതിന്റെ സ്ഥിതി എന്തായെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ